REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 09-06-2025** **സമയം 12.30 PM**

## പ്രധാന വാർത്തകൾ

- **140 കോടി ജനങ്ങളുടെ അനുഗ്രഹത്തിലും കൂട്ടായ പങ്കാളിത്തത്തിലും രാജ്യം വിവിധ മേഖലകളിൽ അതിവേഗ പരിവർത്തനത്തിന് സാക്ഷ്യം വഹിച്ചതായി പ്രധാനമന്ത്രി നരേന്ദ്രമോദി.**
- **മനുഷ്യ ജീവന് ഭീഷണി സൃഷ്ടിക്കുന്ന കാട്ടുപന്നികളെ കൊല്ലാൻ പഞ്ചായത്തുകൾക്ക് അനുമതിയുണ്ടെന്ന് കേന്ദ്ര വനം മന്ത്രി ഭൂപേന്ദ്ര യാദവ്.**
- **നിലമ്പൂരിൽ ഉപതെരഞ്ഞെടുപ്പ് പ്രചാരണം കൂടുതൽ സജീവമായി.**
- **ലോകത്തെ ഏറ്റവും വലിയ കണ്ടെയ്നർ കപ്പലായ MSC ഐറിന വിഴിഞ്ഞം തുറമുഖത്ത് നങ്കൂരമിട്ടു.**
- **കൊട്ടിയൂരിൽ വൈശാഖോത്സവത്തിന് തുടക്കമായി- രാത്രി ഭണ്ഡാരം എഴുന്നള്ളത്ത് .**

## വാർത്തകൾ വിശദമായി

140 കോടി ജനതയുടെ അനുഗ്രഹത്തിലും കൂട്ടായ പങ്കാളിത്തത്തിലും 11 വർഷത്തിനിടെ രാജ്യം വിവിധ മേഖലകളിൽ അതിവേഗ പരിവർത്തനത്തിന് സാക്ഷ്യം വഹിച്ചതായി പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. സബ്കാ സാത്, സബ്കാ വികാസ്, സബ്കാ വിശ്വാസ്, സബ്കാ പ്രയാസ് എന്നീ നയങ്ങളാലാണ് NDA ഗവൺമെന്റിന്റെ വേഗവും, അളവും, സംവേദനക്ഷമതയുമെന്ന് പ്രധാനമന്ത്രി സാമൂഹിക മാധ്യമത്തിൽ കുറിച്ചു. സാമ്പത്തിക വളർച്ച മുതൽ സാമൂഹിക ഉന്നമനം വരെ ജനങ്ങളെ ഉൾക്കൊണ്ടാണ് ഗവൺമെന്റ് പുരോഗതിയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതെന്നും നരേന്ദ്രമോദി വ്യക്തമാക്കി.

രാജ്യം പ്രതീക്ഷയോടെയും ആത്മവിശ്വാസത്തോടെയുമാണ് വികസിത് ഭാരതം കെട്ടിപ്പടുക്കുന്നതിന് ദൃഢനിശ്ചയത്തോടെ മുന്നേറുന്നതെന്നും പ്രധാനമന്ത്രി അറിയിച്ചു.

✪✪✪

മനുഷ്യ ജീവന് ഭീഷണി സൃഷ്ടിക്കുന്ന കാട്ടുപന്നികളെ കൊല്ലാൻ പഞ്ചായത്തുകൾക്ക് അനുമതിയുണ്ടെന്ന് കേന്ദ്ര വനം മന്ത്രി ഭൂപേന്ദ്ര യാദവ് ന്യൂ ഡൽഹിയിൽ പറഞ്ഞു. അക്രമകാരികളായ വന്യമൃഗങ്ങളെ കൊല്ലാൻ സംസ്ഥാനങ്ങളിലെ വനം മേധാവിമാർക്ക് അധികാരമുണ്ടെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ ഇന്ത്യ സുരക്ഷിതവും വികസിതവുമായ ഒരു രാഷ്ട്രമായി മാറുകയാണെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ പറഞ്ഞു. പരിഷ്കരണം, പ്രകടനം, പരിവർത്തനം എന്നിവയിലൂടെ രാഷ്ട്രം വികസനത്തിലേക്ക് അതിവേഗം പുരോഗമിക്കുകയാണെന്നും അദ്ദേഹം അറിയിച്ചു. ഇന്ത്യയുടെ ആഭ്യന്തര സുരക്ഷയിലും ദേശീയ ആത്മവിശ്വാസത്തിലും NDA ഗവണ്മെന്റ് കഴിഞ്ഞ വർഷങ്ങളിൽ സുപ്രധാനനേട്ടങ്ങൾ കൈവരിച്ചുവെന്നും അദ്ദേഹം സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

ഭീകരതയ്ക്കെതിരായ ഇന്ത്യയുടെ നിലപാട് ലോക രാജ്യങ്ങളെ അറിയിക്കുന്നതിന് രൂപീകരിച്ച സർവ കക്ഷി സംഘത്തിന്റെ ജർമൻ സന്ദർശനം അവസാനിച്ചു. BJP എംപി രവിശങ്കർ പ്രസാദിന്റെ നേതൃത്വത്തിൽ സർവകക്ഷി സംഘം ഫ്രാൻസ്, ഇറ്റലി, ഡെൻമാർക്ക്, ഇംഗ്ലണ്ട്, ബ്രസ്സൽസ് എന്നീ രാജ്യങ്ങൾ സന്ദർശിച്ച ശേഷം ഇന്നലെ ഡൽഹിയിലെത്തി. വിദേശ രാജ്യങ്ങൾ പഹൽഗാം ഭീകരാക്രമണത്തെ അപലപിച്ചതായി രവിശങ്കർ പ്രസാദ് പറഞ്ഞു.

✪✪✪

സംസ്ഥാനത്ത് ട്രോളിങ്ങ് നിരോധനം ഇന്ന് അർദ്ധരാത്രി ആരംഭിക്കും. ജൂലൈ 31 അർദ്ധരാത്രിവരെ 52 ദിവസമാണ് ട്രോളിങ്ങ് നിരോധനം.

അർദ്ധരാത്രി നീണ്ടകര പാലത്തിന്റെ തൂണുകളിൽ ഫിഷറീസ് അധികൃതർ ഇരുമ്പ് ചങ്ങല ബന്ധിക്കുന്നതോടെ സംസ്ഥാനത്ത് ട്രോളിങ് നിരോധനം നിലവിൽ വരിക.

✪✪✪

ഉപതിരഞ്ഞെടുപ്പ് നടക്കുന്ന നിലമ്പൂരിൽ പ്രചാരണ പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കി മുന്നണികളും സ്ഥാനാർത്ഥികളും. വികസനവും വിവാദവുമൊക്കെയായി ചൂടേറുകയാണ് പ്രചാരണത്തിന്...

കൂടുതൽ വിവരങ്ങളുമായി ആകാശവാണി മലപ്പുറം ജില്ലാ പ്രതിനിധി എം.സുരേഷ്ബാബു...

.......(വോയ്സ്).....

✪✪✪

നിലമ്പൂർ വഴിക്കടവിൽ വിദ്യാർത്ഥി ഷോക്കേറ്റ് മരിക്കാനിടയായ സംഭവത്തിൽ ഗൂഢാലോചന നടന്നു എന്നല്ല  പറഞ്ഞതെന്ന് മന്ത്രി AK ശശീന്ദ്രൻ വ്യക്തമാക്കി. ഗവൺമെന്റ് സ്പോൺസേർഡ് മരണം എന്ന് പ്രതിപക്ഷം ഉന്നയിച്ച കാര്യത്തിലാണ് ഗൂഢാലോചന ഉണ്ടായതെന്ന് താൻ പറഞ്ഞതെന്നും മന്ത്രി കോഴിക്കോട്ട് വിശദീകരിച്ചു. മാധ്യമങ്ങൾ പ്രസ്താവന വളച്ചൊടിക്കുകയായിരുന്നുവെന്നും പ്രതിപക്ഷ പ്രതിഷേധത്തിൽ രാഷ്ട്രീയമുണ്ടെന്നുമാണ് അഭിപ്രായപ്പെട്ടതെന്നും ശശീന്ദ്രൻ പറഞ്ഞു.

✪✪✪

നിലമ്പൂർ വഴിക്കടവിൽ ഷോക്കേറ്റ് മരിച്ച അനന്തുവിന്റെ വീട് ബാലാവകാശ കമ്മീഷൻ ചെയർപേഴ്സൺ KV മനോജ് കുമാർ സന്ദർശിച്ചു.  പോലീസിന്റെയും ജില്ലാ ചൈൽഡ് പ്രോട്ടക്ഷൻ ഓഫീസറുടേയും റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും, കുട്ടിയുടെ കുടുംബത്തെ സഹായിക്കാൻ കഴിയുന്നതെല്ലാം ചെയ്യുമെന്നും അദ്ദേഹം പറഞ്ഞു.

പ്രതിപക്ഷ നേതാവ് VD സതീശനും അനന്തുവിന്റെ വീട് അല്പസമയം മുമ്പ് സന്ദർശിച്ചു.

✪✪✪

നിലമ്പൂരിൽ മരണപ്പെട്ട അനന്തുവിന്റെ കുടുംബത്തിന് നീതി ഉറപ്പാക്കുക, "മലയോര കർഷകരെ കൊലയ്ക്ക് കൊടുക്കാതിരിക്കുക എന്നീ ആവശ്യങ്ങളുന്നയിച്ച് BJP പ്രവർത്തകർ  നിലമ്പൂർ വനം വകുപ്പ് ഓഫീസിന് മുന്നിൽ പ്രതിഷേധ ധർണ നടത്തി.  പാർട്ടി മുൻ സംസ്ഥാന പ്രസിഡണ്ട് K സുരേന്ദ്രൻ ധർണ ഉദ്ഘാടനം ചെയ്തു.

വൈദ്യുതി കെണിയിൽ പരാതി നൽകിയിട്ടും KSEB നടപടി എടുത്തില്ല എന്ന് ആരോപിച്ച് UDF ഉം  വഴിക്കടവ് KSEB ഓഫീസിനു മുന്നിൽ പ്രതിഷേധിച്ചു. വിദ്യാർത്ഥി  ഷോക്കേറ്റ് മരിച്ച സംഭവത്തിൽ പഞ്ചായത്ത് ഭരണസമിതിക്ക്

വീഴ്ച പറ്റിയെന്ന് ആരോപിച്ച് വഴിക്കടവ് പഞ്ചായത്ത് ഓഫീസിലേക്ക് LDF മാർച്ച് സംഘടിപ്പിച്ചിട്ടുണ്ട്.

✪✪✪

ഛത്തീസ്ഗഡിൽ മാവോയിസ്റ്റുകൾ നടത്തിയ IED സ്ഫോടനത്തിൽ അഡീഷണൽ പൊലീസ് സൂപ്രണ്ട് വീരമൃത്യുവരിച്ചു. ആകാശ്റാവു ഗിരിപുഞ്ചെയാണ് വീരമൃത്യു വരിച്ചത്. രാവിലെ സുഖ്മ ജില്ലയിലാണ് സംഭവം. നാളെ നക്സലേറ്റുകൾ ആഹ്വാനം ചെയ്ത ബന്ദ് കണക്കിലെടുത്ത് പൊലീസ് ഉദ്യോഗസ്ഥർ പട്രോളിംഗ് നടത്തുന്നതിനിടെയാണ് സ്ഫോടനമുണ്ടായത്.

✪✪✪

സംസ്ഥാനത്ത് നാളെ മുതൽ കാലവർഷം വീണ്ടും സജീവമാകുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഈ മാസം 17 വരെ മഴ ശക്തമായി തുടരാനാണ് സാധ്യത. പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം ജില്ലകളിൽ നാളെ മഞ്ഞ ജാഗ്രതയാണ്.

✪✪✪

തിരുവനന്തപുരം പൂജപ്പുരയിൽ വനിത ശിശു വകുപ്പ് കോംപ്ലക്സിനകത്ത് നിർമ്മിച്ച പുതിയ സഖി വൺ സ്റ്റോപ്പ് സെൻ്റർ കെട്ടിടം മന്ത്രി വീണാ ജോർജ് ഉദ്ഘാടനം ചെയ്തു. 60 ലക്ഷം രൂപ ചെലവഴിച്ചാണ് കെട്ടിടം നിർമ്മാണം പൂർത്തിയാക്കിയത്.

✪✪✪

മഹാരാഷ്ട്രയിലെ അഹല്യാനഗറിലെ DRDO വെഹിക്കിൾ റിസർച്ച് ആൻ്റ് ഡെവലപ്മെൻ്റ് എസ്റ്റാബ്ലിഷ്മെൻ്റ് -VRDE- ഒൻപത് പ്രതിരോധ സംവിധാനങ്ങളുടെ സാങ്കേതിക വിദ്യകൾ പത്ത് ഇന്ത്യൻ വ്യവസായങ്ങൾക്ക് കൈമാറി. കെമിക്കൽ, ബയോളജിക്കൽ, റേഡിയോളജിക്കൽ, ന്യൂക്ലിയർ, ആൻ്റി ടെററിസ്റ്റ് വെഹിക്കിൾ, മൗണ്ടഡ് ഗൺ സിസ്റ്റം, വജ്ര റയട്ട് കൺട്രോൾ വെഹിക്കിൾ തുടങ്ങിയവയുടെ സാങ്കേതികവിദ്യകളാണ് കൈമാറിയത്. ഓപ്പറേഷൻ സിന്ദൂറിനിടെ തദ്ദേശീയ സംവിധാനങ്ങളുടെ അസാധാരണമായ പ്രകടനത്തിന് DRDO യെയും ബന്ധപ്പെട്ട വ്യവസായ മേഖലയെയും ചെയർമാൻ ഡോ. സമീർ V കാമത്ത് അഭിനന്ദിച്ചു. ഉയർന്നുവരുന്ന സാങ്കേതിക വിദ്യകളിൽ സഹകരിക്കുന്നതിന് പൂനെയിലെ COEP ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയുമായി VRDE ധാരണാപത്രത്തിൽ ഒപ്പുവെച്ചു.

✪✪✪

ലോകത്തെ ഏറ്റവും വലിയ കണ്ടെയ്നർ കപ്പലായ എം എസ് സി ഐറിന വിഴിഞ്ഞം തുറമുഖത്ത് നങ്കൂരമിട്ടു. രാവിലെ 9.15 ഓടെയാണ് കപ്പൽ ബർത്തിങ് പൂർത്തിയാക്കിയത്.

വിശദാംശങ്ങളുമായി ആകാശവാണി പ്രതിനിധി രെജു കോലിയക്കോട്.

....(വോയ്സ്)......

✪✪✪

കണ്ണൂർ കൊട്ടിയൂർ ക്ഷേത്രത്തിലെ പ്രസിദ്ധമായ വൈശാഖ മഹോത്സവത്തിന് തുടക്കമായി. ഇന്നലെ രാത്രിയോടെ ആരംഭിച്ച നെയ്യാട്ടം പുലർച്ചെ പൂർത്തിയായി. ഇന്ന് രാത്രിയാണ് ഗജവീരന്മാരുടെ അകമ്പടിയോടെ ഭണ്ഡാരം എഴുന്നള്ളത്ത്. കുടിപത് സ്ഥാനികർ ഭണ്ഡാരങ്ങൾ കാവുകളാക്കിയാണ് എഴുന്നള്ളിക്കുക. കൊട്ടിയൂരിൽ എത്തുംമുമ്പ് അഞ്ചിടത്തെ വാളാട്ടം നടത്തിയശേഷം എഴുന്നള്ളത്ത് ഇക്കരെ കൊട്ടിയൂരിലത്തിയാൽ മുതിരേരി വാൾ ബലിബിംബങ്ങൾ കൂടിചേർന്ന് അക്കരെ ക്ഷേത്രത്തിൽ പ്രവേശിക്കും. കൊട്ടിയൂരിലെ ദർശനകാലം ഇതോടെയാണ് ആരംഭിക്കുക. ഭണ്ഡാരം എഴുന്നള്ളത്ത് അക്കരെ കൊട്ടിയൂരിലെത്തിയാൽ സ്ത്രീകൾക്കും അവിടെ ദർശനം നടത്താം.

നാളെ രാവിലെ മുതൽ ഈ മാസം 30ന് ഉച്ചശീവേലി വരെയാണ് സ്ത്രീകൾക്ക് അക്കരെ കൊട്ടിയൂരിൽ പ്രവേശനം.

✪✪✪

തിരുവനന്തപുരം ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിൽ ശസ്ത്രക്രിയകൾ മുടങ്ങിയെന്ന ആരോപണത്തെത്തുടർന്ന് ശ്രീചിത്ര ഡയറക്ടർ അടിയന്തര യോഗം വിളിച്ചു. ന്യൂറോ വിഭാഗത്തിൽ ചില അത്യാവശ്യ ഉപകരണങ്ങൾ കേടായതായും ചില ഉപകരണങ്ങൾ ഇല്ലെന്നും കാണിച്ച് ഒരുവിഭാഗം ഡോക്ടർമാർ മേധാവിക്ക് കത്ത് നൽകിയിരുന്നു.

കേന്ദ്രസഹ മന്ത്രി സുരേഷ് ഗോപിയും യോഗത്തിൽ പങ്കെടുത്തു. ആശുപത്രിയിലെ പ്രശ്നം പരിഹരിച്ചതായി യോഗത്തിന് ശേഷം സുരേഷ് ഗോപി പറഞ്ഞു. ശസ്ത്രക്രിയ ഉപകരണങ്ങൾ എത്തിക്കുന്നതിന് നിയമപരമായ മാർഗങ്ങൾ തേടുമെന്നും രണ്ടു ദിവസത്തിനകം ശസ്ത്രക്രിയകൾ പുനരാരംഭിക്കുമെന്നും കേന്ദ്രസഹമന്ത്രി വ്യക്തമാക്കി.

✪✪✪

തായ്‌വാൻ അത്‌ലറ്റിക്സ് ഓപ്പൺ ചാമ്പ്യൻഷിപ്പിൽ ഇന്ത്യൻ താരങ്ങൾ 12 സ്വർണ്ണവും 3 വെള്ളിയും 1 വെങ്കലവും നേടി. ചാമ്പ്യൻഷിപ്പിന്റെ അവസാനദിനമായ ഇന്നലെമാത്രം ഇന്ത്യൻ അത്‌ലറ്റുകൾ ആറ് സ്വർണവും മൂന്ന് വെള്ളിയും ഉൾപ്പെടെ 10 മെഡലുകളാണ് നേടിയത്.

വനിതകളുടെ 400 മീറ്റർ ഹർഡിൽസിൽ വിദ്യാ രാംരാജ്, പുരുഷന്മാരുടെ ജാവലിൻ ത്രോയിൽ രോഹിത് യാദവ്, വനിതകളുടെ 800 മീറ്ററിൽ പൂജ, പുരുഷന്മാരുടെ 800 മീറ്ററിൽ കൃഷൻ കുമാർ, വനിതാ ജാവലിൻ ത്രോയിൽ അന്നു റാണി എന്നിവർ സ്വർണ്ണ മെഡലുകൾ നേടി. പുരുഷന്മാരുടെ 4x400 മീറ്റർ റിലേയിൽ സന്തോഷ് T, വിശാൽ TK, ധരംവീർ ചൗധരി, മനു TS എന്നിവരടങ്ങുന്ന ടീമും സ്വർണ്ണം നേടി. പുരുഷന്മാരുടെ 400 മീറ്റർ ഹർഡിൽസിൽ യശസ് പലക്ഷ വെള്ളി നേടി.

✪✪✪

ആകാശവാണി 90-ാം പിറന്നാൾ ആഘോഷിച്ചു. 1936 ജൂൺ എട്ടിനാണ് പുനർനാമകരണം നടന്നത്. 1956 ലാണ് "ആകാശവാണി" എന്ന പേര് സ്വീകരിച്ചത്. തലമുറകളിലൂടെ പ്രതിധ്വനിക്കുന്ന ആകാശവാണിയുടെ ശബ്ദം ഇന്ന്, 23 ഭാഷകളിലായി 591 സ്റ്റേഷനുകളിലൂടെ പ്രക്ഷേപണം ചെയ്യുന്നുണ്ട്.

✪✪✪

---

*News Editor : വി കെ സുരേഷ്*
*News Reader: സിയാബ് ടി.പി*
*CNRT's: സബിത ആനന്ദ്*
*DEO : ഷീബ*